**മധുരമായ കുട്ടികളേ - ദേഹീ അഭിമാനിയായി മാറി ബാബയെ ഓർമ്മിക്കൂ, എങ്കിൽ ഓർമ്മയുടെ ബലം ശേഖരിക്കപ്പെടും, ഓർമ്മയുടെ ബലത്തിലൂടെ നിങ്ങൾക്ക് മുഴുവൻ വിശ്വത്തിന്റേയും രാജ്യം നേടാൻ സാധിക്കും.**

**ചോദ്യം:-** ഏതൊരു കാര്യമാണ് നിങ്ങൾ കുട്ടികളുടെ ചിന്തയിലോ സ്വപ്നത്തിലോ പോലും ഇല്ലാതിരിക്കുകയും. എന്നാൽ അത് പ്രാക്ടിക്കലായി സംഭവിക്കുകയും ചെയ്തത്?
**ഉത്തരം:-** ഞങ്ങൾ ഭഗവാനിൽ നിന്നും രാജയോഗം പഠിച്ച് വിശ്വത്തിന്റെ അധികാരിയാവുമെന്നും,രാജ്യത്തിനായി പഠിപ്പ് പഠിക്കുമെന്നും നിങ്ങളുടം ചിന്തയിലോ,സ്വപ്നത്തിലോ പോലും ഉണ്ടായിരുന്നില്ല. സർവ്വശക്തിവാനായ ബാബയിൽ നിന്നും ബലം എടുത്ത് നമ്മൾ സത്യയുഗീരാജ്യത്തിന്റെ അധികാരിയായി മാറുന്നു. അതിനാൽ ഇപ്പോൾ നിങ്ങൾക്ക് അളവില്ലാത്ത സന്തോഷമുണ്ട്.

**ഓം ശാന്തി**. ഇവിടെ പെൺകുട്ടികൾ ഇരിക്കുന്നത് പ്രാക്ടീസിനുവേണ്ടിയാണ്. വാസ്തവത്തിൽ ആരാണോ ദേഹീ അഭിമാനിയായി ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നത് അവരാണ് ഇവിടെ ഗദ്ദിയിൽ ഇരിക്കേണ്ടത്. അഥവാ ഓർമ്മയിൽ ഇരിക്കുന്നില്ലെങ്കിൽ അവരെ ടീച്ചർ എന്ന് വിളിക്കാൻ സാധിക്കില്ല. ഓർമ്മയിൽ ശക്തിയുണ്ടാകും, ജ്ഞാനത്തിൽ ശക്തിയില്ല. ഇതിനെ പറയുന്നതുതന്നെ ഓർമ്മയുടെ ബലം എന്നാണ്. യോഗബലം എന്നത് സന്യാസിമാരുടെ വാക്കാണ്. ബാബ ബുദ്ധിമുട്ടുള്ള വാക്കുകൾ ഉപയോഗിക്കുന്നില്ല. ബാബ പറയുന്നു, കുട്ടികളേ, ഇപ്പോൾ അച്ഛനെ ഓർമ്മിക്കൂ. എങ്ങനെയാണോ ചെറിയ കുട്ടികൾ മാതാപിതാവിനെ ഓർമ്മിക്കുന്നത് അതുപോലെ. അവർ ദേഹധാരികളാണ്. നിങ്ങൾ കുട്ടികൾ വിചിത്രരാണ്. ഈ ചിത്രം ഇവിടെയാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങൾ വിചിത്ര ദേശത്ത് വസിക്കുന്നവരാണ്. അവിടെ ചിത്രം ഉണ്ടായിരിക്കില്ല. ആദ്യമാദ്യം ഇത് ഉറപ്പിക്കണം - നമ്മൾ ആത്മാക്കളാണ് അതിനാലാണ് ബാബ പറയുന്നത് - കുട്ടികളേ, ദേഹീ അഭിമാനിയായി മാറൂ, സ്വയം ആത്മാവാണെന്ന് നിശ്ചയിക്കൂ. നിങ്ങൾ നിർവ്വാണ ദേശത്തുനിന്നും വന്നതാണ്. അത് നിങ്ങൾ സർവ്വാത്മാക്കളുടേയും വീടാണ്. ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നതാണ്. ആദ്യമാദ്യം ആരാണ് വരുന്നത്? ഇതും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ലോകത്തിൽ ഈ ജ്ഞാനമുള്ള ആരുമില്ല. ഇപ്പോൾ ബാബ പറയുന്നു ശാസ്ത്രങ്ങൾ മുതലായ എന്തെല്ലാം പഠിച്ചോ അതിനെയെല്ലാം മറക്കൂ. കൃഷ്ണന്റെ മഹിമ, ഓരോരുത്തരുടേയും മഹിമ എത്ര ചെയ്തു. ഗാന്ധിയുടെപോലും എത്ര മഹിമ പാടി. രാമരാജ്യം സ്ഥാപിച്ചിട്ടുപോയതുപോലെയാണ്. എന്നാൽ ശിവഭഗവാൻ പറയുന്നു ആദിസനാതന രാജാറാണിയുടെ രാജ്യത്തിൽ എന്ത് നിയമമാണോ ഉണ്ടായിരുന്നത്, ബാബ രാജയോഗം പഠിപ്പിച്ച് രാജാ-റാണിയാക്കി മാറ്റി, ആ ഈശ്വരീയ ആചാര അനുഷ്ഠാനങ്ങളെപ്പോലും ഇല്ലാതാക്കി. പറഞ്ഞു രാജ്യഭരണം വേണ്ട, ഞങ്ങൾക്ക് പ്രജകൾ പ്രജകളെ ഭരിക്കുന്ന ഭരണം വേണം. ഇപ്പോൾ അതിന്റെ അവസ്ഥ എന്തായി!.. ദുഃഖം തന്നെ ദുഃഖമാണ്, പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. അനേകം മതങ്ങളായി. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശ്രീമതം അനുസരിച്ച് രാജ്യം നേടുകയാണ്. ഇത്രയും ശക്തി നിങ്ങളിൽ ഉണ്ടാകും അവിടെ ആയുധമേ ഉണ്ടാകില്ല. പേടിക്കേണ്ട ഒരു കാര്യവുമില്ല. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നു, അദ്വൈത രാജ്യമായിരുന്നു. ശബ്ദം ഉയരാൻ രണ്ട് എന്നത് ഉണ്ടായിരുന്നില്ല. അതിനെയാണ് അദ്വൈതരാജ്യം എന്ന് പറയുന്നത്. നിങ്ങൾ കുട്ടികളെ ബാബ ദേവതയാക്കുകയാണ്. പിന്നീട് രാവണനിലൂടെ ദേവതയിൽ നിന്നും അസുരനായി മാറുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ഭാരതവാസികൾ മുഴുവൻ വിശ്വത്തിന്റേയും അധികാരികളായിരുന്നു. നിങ്ങൾക്ക് വിശ്വരാജ്യാധികാരം കേവലം ഓർമ്മയുടെ ബലത്തിലൂടെയാണ് ലഭിച്ചത്. ഇപ്പോൾ വീണ്ടും ലഭിക്കുകയാണ്. കൽപ കൽപം ലഭിക്കുന്നു, ഓർമ്മയുടെ ബലത്തിലൂടെ മാത്രം. പഠിപ്പിലും ബലമുണ്ട്. വക്കീലാവുന്നത് ബലമല്ലേ. അത് കാലണയുടെ ബലമാണ്. നിങ്ങൾ യോഗബലത്തിലൂടെ വിശ്വത്തിനുമേൽ രാജ്യം ഭരിക്കുന്നു. സർവ്വശക്തിവാനായ ബാബയിൽ നിന്നും ബലം ലഭിക്കുന്നു. നിങ്ങൾ പറയുന്നു- ബാബാ ഞങ്ങൾ കൽപ കൽപം അങ്ങയിൽ നിന്നും സത്യയുഗീ സ്വരാജ്യം നേടുകയും പിന്നീട് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു, വീണ്ടും നേടുന്നു. നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും ലഭിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മൾ ശ്രീമതത്തിലൂടെ ശ്രേഷ്ഠമായ വിശ്വരാജ്യം നേടുകയാണ്. വിശ്വവും ശ്രേഷ്ഠമായി മാറും. ഈ രചയിതാവിന്റേയും, രചനയുടേയും ജ്ഞാനം ഇപ്പോൾ നിങ്ങൾക്കുണ്ട്. നമ്മൾ എങ്ങനെയാണ് രാജധാനി നേടിയത് എന്ന ജ്ഞാനം ഈ ലക്ഷ്മീ നാരായണന്മാർക്ക് പോലുമുണ്ടാകില്ല! ഇവിടെ നിങ്ങൾ പഠിക്കുന്നു, പിന്നീട് പോയി രാജ്യം നേടുന്നു. ആരെങ്കിലും നല്ല ധനവാന്റെ വീട്ടിൽ ജന്മമെടുത്താൽ പറയാറുണ്ടല്ലോ, ഇവർ മുൻ ജന്മത്തിൽ നല്ല കർമ്മം ചെയ്തിട്ടുണ്ട്, ദാനപുണ്യം ചെയ്തിട്ടുണ്ട്. എങ്ങനെയാണോ കർമ്മം അതുപോലുള്ള ഫലം ലഭിക്കുന്നു. ഇപ്പോൾ ഇത് രാവണ രാജ്യമാണ്. ഇവിടെ എന്തെല്ലാം കർമ്മങ്ങൾ ചെയ്യു

ന്നോ അതെല്ലാം വികർമ്മമാകുന്നു. ഏണിപ്പടി താഴേക്ക് ഇറങ്ങുകതന്നെ ചെയ്യും. ഏറ്റവും വലിയ ഉയർന്നതിലും ഉയർന്ന ദേവീ–ദേവതാ ധർമ്മത്തിലുള്ളവർക്കുപോലും ഏണിപ്പടി ഇറങ്ങണം. സതോ, രജോ, തമോയിലേക്ക് വരണം. ഓരോ വസ്തുവും പുതിയതിൽ നിന്നും പഴയതാകും. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അളവില്ലാത്ത സന്തോഷം ഉണ്ടായിരിക്കണം.നമ്മൾ വിശ്വത്തിന്റെ അധികാരിയാകും എന്നത് നിങ്ങളുടെ ചിന്തയിലോ സ്വപ്നത്തിലോ പോലും ഉണ്ടായിരുന്നില്ല.

ഭാരതവാസികൾക്കറിയാം, ഈ ലക്ഷ്മീ–നാരായണന്മാർ മുഴുവൻ വിശ്വത്തിലും രാജ്യം ഭരിച്ചിരുന്നു. പൂജ്യരായിരുന്നു, പിന്നീട് പൂജാരിയായി മാറി. അങ്ങുതന്നെ പൂജ്യൻ, അങ്ങുതന്നെ പൂജാരിയെന്ന് പാടുന്നുമുണ്ട്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ഇത് ഉണ്ടായിരിക്കണം. ഈ നാടകം വളരെ അത്ഭുതകരമാണ്. എങ്ങനെയാണ് നമ്മൾ 84 ജന്മങ്ങൾ എടുക്കുന്നത് എന്ന് ആർക്കുമറിയില്ല. ശാസ്ത്രങ്ങളിൽ 84 ലക്ഷം ജന്മം എന്ന് എഴുതിയിരിക്കുന്നു. ബാബ പറയുന്നു, ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ പൊള്ളത്തരങ്ങളാണ്. രാവണരാജ്യമല്ലേ. രാമരാജ്യവും രാവണരാജ്യവും എങ്ങനെയാണ് ഉണ്ടാകുന്നത്, ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. രാവണനെ എല്ലാവർഷവും കത്തിക്കുന്നു, അപ്പോൾ ശത്രുവല്ലേ. 5 വികാരങ്ങൾ മനുഷ്യന്റെ ശത്രുവാണ്. രാവണൻ ആരാണ്, എന്തുകൊണ്ട് കത്തിക്കുന്നു– ആർക്കും അറിയില്ല. ആരാണോ സ്വയം ഞാൻ സംഗമയുഗിയാണ് എന്ന് മനസ്സിലാക്കുന്നത് അവരുടെ സ്മൃതിയിൽ ഉണ്ടാകും അതായത് ഇപ്പോൾ നമ്മൾ പുരുഷോത്തമരായി മാറുകയാണ്. ഭഗവാൻ നമ്മളെ രാജയോഗം പഠിപ്പിച്ച് നരനിൽ നിന്നും നാരായണനും, ഭ്രഷ്ഠാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയുമാക്കി മാറ്റുന്നു. നിങ്ങൾ കുട്ടികൾക്കറിയാം, നമ്മെ ഉയർന്നതിലും ഉയർന്ന നിരാകാരനായ ഭഗവാനാണ് പഠിപ്പിക്കുന്നത്. എത്ര അളവറ്റ സന്തോഷം ഉണ്ടായിരിക്കണം. സ്ക്കൂളിൽ വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ഞങ്ങൾ വിദ്യാർത്ഥികളാണ് എന്നകാര്യം ഉണ്ടാകുമല്ലോ. അവിടെ സാധാരണ ടീച്ചറാണ് പഠിപ്പിക്കുന്നത്. ഇവിടെയാണെങ്കിൽ നിങ്ങളെ ഭഗവാനാണ് പഠിപ്പിക്കുന്നത്. ഇപ്പോൾ പഠിപ്പിലൂടെ ഇത്രയും ഉയർന്ന പദവി ലഭിക്കുന്നു അപ്പോൾ വളരെ നന്നായി പഠിക്കേണ്ടേ. വളരെ സഹജമാണ് ,രാവിലെ അരമണിക്കൂറോ മുക്കാൽ മണിക്കൂറോ പഠിക്കണം. മുഴുവൻ ദിവസവും ജോലി കാര്യങ്ങളിൽപ്പെട്ട് ഓർമ്മ വിട്ടുപോകുന്നു അതിനാൽ അതിരാവിലെ ഇവിടെ വന്ന് ഓർമ്മയിൽ ഇരിക്കുന്നു. പറയുന്നു, ബാബയെ അതീവ സ്നേഹത്തോടെ ഓർമ്മിക്കൂ – ബാബാ, അങ്ങ് ഞങ്ങളെ പഠിപ്പിക്കാനായി വന്നതാണ്, ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി അങ്ങ് 5000 വർഷങ്ങൾക്ക് ശേഷം വന്ന് പഠിപ്പിക്കുകയാണ്. ബാബയുടെ അടുത്തേക്ക് കുട്ടികൾ വരുമ്പോൾ ബാബ ചോദിക്കുന്നു മുമ്പ് എപ്പോഴാണ് കണ്ടത്? ഇങ്ങനെയൊരു ചോദ്യം ഒരു സാധു സന്യാസിക്കും ഒരിക്കലും ചോദിക്കാൻ സാധിക്കില്ല. അവിടെ സത്സംഗത്തിൽ ആര് ആഗ്രഹിക്കുന്നുവോ അവർ ചെന്നിരിക്കുന്നു. വളരെയധികം പേരെക്കണ്ട് എല്ലാവരും ഉള്ളിലേക്ക് കയറുന്നു. നിങ്ങളും ഇപ്പോൾ മനസ്സിലാക്കുന്നു– നമ്മൾ ഗീത, രാമായണം മുതലായവ എത്ര സന്തോഷത്തോടെ ചെന്ന് കേട്ടിരുന്നു. ഒന്നും മനസ്സിലാക്കിയിരുന്നില്ല. അതെല്ലാം ഭക്തിയുടെ സന്തോഷമാണ്. വളരെ സന്തോഷത്തോടെ നൃത്തം വെച്ചിരുന്നു. എന്നാൽ വീണ്ടും താഴെ വീണുകൊണ്ടിരുന്നു. വ്യത്യസ്ത രീതികളിലുള്ള ഹഠയോഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. ആരോഗ്യത്തിനുവേണ്ടിയാണ് എല്ലാം ചെയ്തത്. അതിനാൽ ബാബ പറയുന്നു ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ ആചാര അനുഷ്ഠാനങ്ങളാണ്. രചയിതാവിനേയും രചനയേയും ആരും അറിയുന്നില്ല. എങ്കിൽ പിന്നെ ബാക്കി എന്താണുള്ളത്. രചയിതാവിനേയും, രചനയേയും അറിയുന്നതിലൂടെ നിങ്ങൾ എന്താകുന്നു പിന്നെ നിങ്ങൾ അറിയാത്തതിനാൽ എന്തായി മാറിയിരിക്കുന്നു?.. നിങ്ങൾ അറിയുന്നതിലൂടെ സമ്പന്നരായി മാറുന്നു, അറിയാത്തതിനാൽ അതേ ഭാരതവാസികൾ പാപ്പരായി മാറിയിരിക്കുന്നു. ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു. എന്തെല്ലാമാണ് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എത്ര പണവും, സ്വർണ്ണവും കൊള്ളയടിക്കുന്നു! ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം– അവിടെ നമ്മൾ സ്വർണ്ണക്കൊട്ടാരങ്ങൾ നിർമ്മിക്കും. വക്കീലാവാൻ പഠിച്ചാൽ ഉള്ളിൽ ഉണ്ടാകുമല്ലോ– ഞാനും പരീക്ഷ പാസായി പിന്നീട് ഇത് ചെയ്യും, വീട് വയ്ക്കും. നമ്മൾ സ്വർഗ്ഗത്തിലെ രാജകുമാരീ –രാജകുമാരനായി മാറാനായി പഠിക്കുകയാണെന്നത് എന്തുകൊണ്ടാണ് നിങ്ങൾക്ക് ബുദ്ധിയിൽ വരാത്തത്. എത്ര സന്തോഷം ഉണ്ടായിരിക്കണം. എന്നാൽ പുറത്ത് ഇറങ്ങുമ്പോഴേക്കും സന്തോഷം അപ്രത്യക്ഷമാകും. ചെറിയ ചെറിയ പെൺകുട്ടികൾ ഈ ജ്ഞാനത്തിൽ മുഴുകും. ബന്ധുക്കൾ ഒന്നും മനസ്സിലാക്കില്ല, മന്ത്രവാദമാണ് എന്ന് പറഞ്ഞ് ഞങ്ങൾ പഠിക്കാൻ അനുവദിക്കില്ല എന്ന് പറയും. ഈ അവസ്ഥയിൽ ഏതുവരെ പ്രായപൂർത്തിയാവുന്നില്ലയോ അത്രയും സമയം മാതാപിതാക്കൾ പറയുന്നത് അനുസരിക്കേണ്ടതായി വരും. നമുക്ക് സ്വീകരിക്കാൻ കഴിയില്ല. ധാരാളം പ്രശ്നങ്ങളുണ്ടാകും. ആരംഭത്തിൽ എത്ര പ്രശ്നങ്ങൾ ഉണ്ടായി. പെൺകുട്ടി പറയും എനിക്ക് 18 വയസ്സായി, അച്ഛൻ പറയും ഇല്ല 16 വയസ്സേ ആയിട്ടുള്ളു, പ്രായപൂർത്തിയായിട്ടില്ല, വഴക്കുണ്ടാക്കി പിടിച്ചുകൊണ്ടുപോകുമായിരുന്നു. ബാലിക എന്നാൽ പിതാവിന്റെ ആജ്ഞയനുസരിച്ച് നടക്കണം എന്നാണ്. യുവാവസ്ഥയിലെത്തിയാൽ എന്ത് ആഗ്രഹിക്കുന്നുവോ അതുപോലെ

ചെയ്യാം. നിയമവും ഉണ്ടല്ലോ. ബാബ പറയുന്നു, നിങ്ങൾ എപ്പോൾ ബാബയുടെ അടുത്തേക്ക് വരുന്നുവോ അതിന് നിയമമുണ്ട്, തന്റെ ലൗകിക പിതാവിൽ നിന്നും കത്ത് കൊണ്ടുവരണം. പിന്നീട് പെരുമാറ്റവും നോക്കണം. പെരുമാറ്റം നല്ലതല്ലെങ്കിൽ തിരികെ പോകേണ്ടതായി വരും. കളിയിലും ഇങ്ങനെ സംഭവിക്കാറുണ്ട്. ശരിക്ക് കളിക്കുന്നില്ലെങ്കിൽ അവരോട് പുറത്തുപോകാൻ പറയും. അഭിമാനം നഷ്ടപ്പെടുത്തും. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ നമ്മൾ യുദ്ധമൈതാനത്തിലാണ് എന്ന് അറിയാം. കൽപ കൽപം ബാബ വന്ന് നമുക്ക് മായയുടെമേൽ വിജയം നേടിത്തരുന്നു. പ്രധാനകാര്യം പാവനമായി മാറുന്നതാണ്. വികാരത്താലാണ് പതീതമായി മാറിയത്. ബാബ പറയുന്നു കാമം മഹാശത്രുവാണ്. ഇത് ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്. ആരാണോ ബ്രാഹ്മണനായി മാറുന്നത് അവരാണ് ദേവീ – ദേവതാ ധർമ്മത്തിൽ വരുന്നത്. ബ്രാഹ്മണരിലും നമ്പർവൈസ് ആണ്. പ്രകാശത്തിനുചുറ്റും ശലഭങ്ങൾ വരും. ചിലർ എരിഞ്ഞ് മരിക്കും, ചിലത് വട്ടം ചുറ്റി പറന്നുപോകും. ഇവിടെയും വന്നിരിക്കുന്നു, ചിലർ പൂർണ്ണമായും അർപ്പണമാകും, ചിലർ കേട്ടിട്ട് പോകും. മുമ്പ് രക്തംകൊണ്ട് പോലും എഴുതിത്തരുമായിരുന്നു– ബാബാ, ഞാൻ അങ്ങയുടേതാണ്. എന്നിട്ടും മായ തോൽപ്പിക്കുന്നു. മായയുടെ യുദ്ധം അത്രയും നടക്കുന്നു, ഇതിനെത്തന്നെയാണ് യുദ്ധസ്ഥലം എന്ന് പറയുന്നത്. ഇതും നിങ്ങൾ മനസ്സിലാക്കുന്നു. പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ മുഴുവൻ വേദ–ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നു. ചിത്രങ്ങൾ അനേകം നിർമ്മിച്ചിട്ടുണ്ടല്ലോ. നാരദന്റെ ഉദാഹരണവും ഈ സമയത്തേതാണ്. എല്ലാവരും പറയുന്നു– ഞാൻ ലക്ഷ്മി അഥവാ നാരായണനായി മാറും. ബാബ പറയുന്നു, തന്റെ ഉള്ളിലേക്ക് നോക്കൂ– ഞാൻ യോഗ്യനാണോ? എന്റെയുള്ളിൽ ഒരു വികാരവും ഇല്ലല്ലോ? നാരദനെപ്പോലെ എല്ലാവരും ഭക്തരല്ലേ. ഇത് ഒരു ഉദാഹരണം എഴുതിയിരിക്കുകയാണ്.

ഭക്തിമാർഗ്ഗത്തിലുള്ളവർ പറയുന്നു ഞങ്ങൾക്ക് ശ്രീലക്ഷ്മിയെ വരിക്കാൻ സാധിക്കുമോ? ബാബ പറയും, ഇല്ല. എപ്പോൾ ജ്ഞാനം കേൾക്കുന്നുവോ അപ്പോഴേ സദ്ഗതി നേടാൻ സാധിക്കൂ. പതിതപാവനനായ ഞാൻ തന്നെയാണ് സർവ്വരുടേയും സദ്ഗതി ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ നമ്മളെ രാവണരാജ്യത്തിൽ നിന്നും രക്ഷിക്കുകയാണ്. അത് ഭൗതിക യാത്രയാണ്. ഭഗവാൻ പറയുന്നു– മന്മനാഭവ. അത്രമാത്രം, ഇവിടെ ക്ഷീണിക്കേണ്ട ആവശ്യമില്ല. അതെല്ലാം ഭക്തിമാർഗ്ഗത്തിലെ ക്ഷീണിക്കാനുള്ള വഴികളാണ്. അരകൽപം ബ്രഹ്മാവിന്റെ പകലും അരകൽപം ബ്രഹ്മാവിന്റെ രാത്രിയുമാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ എല്ലാ ബി.കെ കളുടെയും പകുതി കൽപം ഇപ്പോൾ പകലാകും. നമ്മൾ സുഖധാമത്തിലായിരിക്കും. അവിടെ ഭക്തിയുണ്ടാകില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, നമ്മൾ ഏറ്റവും വലിയ ധനികരാകുന്നു, അപ്പോൾ എത്ര സന്തോഷമുണ്ടാകണം. നിങ്ങൾ എല്ലാവരും ആദ്യം പരുക്കൻ കല്ലുകളായിരുന്നു, ഇപ്പോൾ ബാബ ഉലയിൽ വെക്കുകയാണ്. ബാബ സ്വർണ്ണപ്പണിക്കാരൻ കൂടിയാണല്ലോ. ഡ്രാമയനുസരിച്ച് ബാബ അനുഭവിയായ രഥത്തെയാണ് എടുത്തിരിക്കുന്നത്. ഗ്രാമത്തിലെ ബാലകൻ എന്ന് പാട്ടുമുണ്ട്. കൃഷ്ണൻ എങ്ങനെ ഗ്രാമത്തിലെ ബാലകനാകും. കൃഷ്ണൻ സത്യയുഗത്തിലായിരുന്നു. കൃഷ്ണനെ തൊട്ടിലിൽ ആട്ടുന്നു, കിരീടമണിയിക്കുന്നു പിന്നീട് എങ്ങനെ ഗ്രാമത്തിലെ ബാലകൻ എന്നു പറയും? ഗ്രാമത്തിലെ ബാലകൻ കറുത്തതായിരിക്കും. ഇപ്പോൾ സുന്ദരനാകാൻ വന്നിരിക്കുകയാണ്. ബാബ ജ്ഞാനത്തിന്റെ ചിതയിൽ ഇരുത്തുകയല്ലേ. ഈ സത്സംഗം ഓരോ കൽപത്തിലും ഒരു തവണ മാത്രമാണ് ലഭിക്കുന്നത്. ബാക്കിയുള്ളതെല്ലാം അസത്യമായ സംഗങ്ങളാണ് അതിനാലാണ് ബാബ പറയുന്നത് മോശമായത് കേൾക്കരുത്... എവിടെയാണോ നിങ്ങളുടേയും എന്റേയും ഗ്ലാനി ചെയ്തുകൊണ്ടിരിക്കുന്നത് അവരുടെ കാര്യങ്ങൾ കേൾക്കരുത്.

ഏത് കുമാരിമാരാണോ ജ്ഞാനത്തിലേക്ക് വരുന്നത് അവർക്ക് പറയാൻ കഴിയും അതായത്, ഞങ്ങൾക്ക് അച്ഛന്റെ സ്വത്തിനുമേൽ അവകാശമുണ്ട്. എന്തുകൊണ്ട് നമുക്ക് ഭാരതത്തിന്റെ സേവാർത്ഥം അവരെക്കൊണ്ട് സെന്റർ തുറപ്പിച്ചുകൂടാ. കന്യാദാനം തീർച്ചയായും ചെയ്യണമല്ലോ. ആ ഭാഗം ഞങ്ങൾക്ക് തന്നാൽ ഞങ്ങൾ സെന്റർ തുറക്കും. ധാരാളം പേരുടെ മംഗളമുണ്ടാകും. ഇങ്ങനെയുള്ള യുക്തികൾ രചിക്കണം. ഇതാണ് നിങ്ങളുടെ ഈശ്വരീയ മിഷൻ. നിങ്ങൾ കല്ലുബുദ്ധികളെ പവിഴബുദ്ധിയാക്കി മാറ്റുന്നു. ആരാണോ നമ്മുടെ ധർമ്മത്തിലുള്ളത് അവർ വരും. ഒരു വീട്ടിൽത്തന്നെ ദേവീ–ദേവതാ ധർമ്മത്തിലെ പൂക്കൾ വരും. ബാക്കിയുള്ളവർ വരില്ല. പരിശ്രമം തോന്നുന്നില്ലേ. ബാബ മുഴുവൻ ആത്മാക്കളേയും പാവനമാക്കി മാറ്റി എല്ലാവരേയും കൊണ്ടുപോകും അതിനാൽ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– സംഗമത്തിലെ ചിത്രത്തിനെ കാണിക്കൂ, ഈ ഭാഗത്ത് കലിയുഗവും ആ ഭാഗത്ത് സത്യയുഗവുമാണ്. സത്യയുഗത്തിൽ ദേവതകളാണ്, കലിയുഗത്തിൽ അസുരന്മാരും. ഇതിനെ പുരുഷോത്തമ സംഗമയുഗം എന്നാണ് പറയുന്നത്. ബാബ തന്നെയാണ് പുരുഷോത്തമനാക്കി മാറ്റുന്നത്. ആരാണോ പഠിക്കുന്നത് അവർ സത്യയുഗത്തിലേക്ക് വരും, ബാക്കി എല്ലാവരും മുക്തിധാമത്തിലേക്ക് പോകും. പിന്നീട് തന്റേതായ സമയത്ത് വരും. ഈ ചക്രത്തിന്റെ

ചിത്രം വളരെ നല്ലതാണ്. കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടാവണം. ഞാൻ ഇങ്ങനെ ഇങ്ങനെയുള്ള സേവനം ചെയ്ത് പാവങ്ങളെ ഉദ്ധരിച്ച്  അവരെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള  മുഖ്യസാരം-

1) സ്വയം തന്നെ നോക്കണം എനിക്ക് ശ്രീലക്ഷ്മി, ശ്രീനാരായണന് സമാനമാകാൻ സാധിക്കുമോ? എന്റെയുള്ളിൽ ഒരു വികാരവും ഇല്ലല്ലോ? ചുറ്റിക്കറങ്ങുന്ന ശലഭമാണോ അതോ സമർപ്പണമാകുന്നതാണോ? ബാബയുടെ പേര് മോശമാകുന്ന തരത്തിലുള്ള പെരുമാറ്റമൊന്നുമില്ലല്ലോ?

2) അളവില്ലാത്ത സന്തോഷത്തിൽ ഇരിക്കണം- അതിരാവിലെ പ്രേമത്തോടെ ബാബയെ ഓർമ്മിക്കണം മാത്രമല്ല പഠിപ്പ് പഠിക്കുകയും വേണം. ഭഗവാൻ നമ്മളെ പഠിപ്പിച്ച് പുരുഷോത്തമരാക്കി മാറ്റുകയാണ്, നമ്മൾ സംഗമയുഗികളാണ് എന്ന ലഹരിയിൽ കഴിയണം.

## വരദാനം-സർവ്വഗുണങ്ങളേയും അനുഭവം ചെയ്തുകൊണ്ട് ബാബയെ പ്രത്യക്ഷപ്പെടുത്തുന്ന അനുഭവീമൂർത്തരായി ഭവിക്കട്ടെ.

ബാബയിൽനിന്നുമുള്ള എല്ലാഗുണങ്ങളുടേയും അനുഭവീമൂർത്തരായി മാറൂ.ബാബ ആനന്ദത്തിന്റെ സാഗരനാണ് ,അപ്പോൾ താങ്കൾ കുട്ടികൾ ആ ആനന്ദത്തിന്റെ സാഗരത്തിന്റെ അലകളിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കൂ.ആര് താങ്കളുടെ സമ്പർക്കത്തിൽ വരികയാണെങ്കിലും അവർക്ക് ആനന്ദം,പ്രേമം,സുഖം... അങ്ങിനെ എല്ലാ ഗുണങ്ങളുടേയും അനുഭൂതി ചെയ്യിക്കൂ.ഇങ്ങിനെ സർവ്വഗുണങ്ങളുടേയും അനുഭവീമൂർത്തരാകുമ്പോൾ താങ്കളിലൂടെ ബാബയുടെ പ്രത്യക്ഷത ഉണ്ടാകുന്നു.എന്തെന്നാൽ താങ്കൾ മഹാൻ ആത്മാക്കൾക്കു മാത്രമേ പരമാത്മാവിനെ തന്റെ അനുഭവങ്ങളിലൂടെ പ്രത്യക്ഷമാക്കാൻ കഴിയുകയുള്ളൂ.

## സ്ലോഗൻ: കാരണങ്ങളെ നിവാരണങ്ങളാക്കി പരിവർത്തനം ചെയ്ത്,അശുഭകാര്യങ്ങളെ ശുഭകരമാക്കി  ഉയർത്തൂ...

**അവ്യക്ത സൂചന-ആത്മീയമായ അന്തസ്സിന്റെയും,പവിത്രതയുടേയും വ്യക്തിത്വത്തെ തന്റേതാക്കി മാറ്റൂ..**
ബ്രാഹ്മണരുടെ ജീവിതവും, പുതുജീവനും പവിത്രതയാണ്. ആദി-അനാദിസ്വരൂപം തന്നെ പവിത്രതയാണ്. ഞാൻ ആദി-അനാദി പവിത്ര ആത്മാവാണ് എന്ന സ്മൃതിയാണ് ആദ്യമുണ്ടാകുന്നത്. സ്മൃതി ഉണ്ടാവുക അർത്ഥം പവിത്രതയുടെ ബലം ലഭിക്കുക. സ്മൃതി സ്വരൂപവും സമർത്ഥസ്വരൂപവുമായ ആത്മാക്കൾ സ്വാഭാവികമായും പവിത്രസംസ്ക്കാരങ്ങൾ ഉള്ളവരായിരിക്കും. ഇങ്ങിനെയുള്ള സ്വാഭാവിക സംസ്ക്കാരങ്ങളെ പുറമേക്ക് കൊണ്ടുവന്ന് പവിത്രതയാകുന്ന വ്യക്തിത്വത്തെ തന്റേതാക്കി മാറ്റൂ.